ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) 271.

(ബി) വ്യത്യസ്ഥരീതിയിലാണ് ശമ്പളം നൽകിവരുന്നത്.

(സി) ഇല്ല. എം. എസ്. പി. യിലേയും തിരുവിതാംകൂർ-കൊച്ചിവിഭാഗത്തിലെ ആംഡ് റിസർവിലേയും നായക്മാർക്ക് ഉദ്യോഗപ്പേര് (designation) ഒന്നാണെങ്കിലും അവരുടെ ജോലിക്കും ചുമതലയ്ക്കും വ്യത്യാസമുണ്ട്. അതിനാൽ ശമ്പളത്തിലും ആ വ്യത്യാസം കാണിച്ചിട്ടുണ്ട്. തിരുവനന്തപുരം ഡിസ്ട്രിക്ടിലെ നായക്മാരോട് മാത്രമായിട്ട് യാതൊരു വ്യത്യാസവും കാണിച്ചിട്ടില്ല. ഉചിതമായ ഒരു ഉദ്യോഗപ്പേര് മലബാറിലെ നായക്മാർക്ക് നൽകുമ്പോൾ ഈ കുഴപ്പത്തിന് പരിഹാരമുണ്ടാകുന്നതാണ്.

(ഡി) സി-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

UNSTARRED QUESTIONS AND ANSWERS.

ദേവസ്വംബോർഡിലെ ഉദ്യോഗസ്ഥന്മാർ.

379. [2] ശ്രീ. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ എത്ര ഉദ്യോഗസ്ഥന്മാർ ഉണ്ട്;

(ബി) ഗസറ്റഡ് ആഫീസറന്മാർ എത്ര, നാൺ ഗസറ്റഡ് ആഫീസർ എത്ര, കണ്ടിജൻസി ഉദ്യോഗമെത്ര;

(സി) ഉദ്യോഗസ്ഥന്മാരുടെ ശമ്പളവിതത്തിൽ ആണ്ടിൽ എത്ര രൂപ വേണം;

(ഡി) ഉദ്യോഗസ്ഥന്മാരുടെ കൂട്ടത്തിൽ എത്ര ഹരിജൻ ഉദ്യോഗസ്ഥന്മാരുണ്ട്?

ഉത്തരം.

(എ, ബി, സി, ഡി.) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള നിയമനങ്ങളും ഗവണ്മെന്റിന്റെ പരിധിയിലും നിയന്ത്രണത്തിലും പെടുന്നതല്ലാത്തതിനാൽ ഉത്തരം നൽകുക സാധ്യമല്ല.

പബ്ലിക്ക് മാർക്കറ്റ്.

380. [7] ശ്രീ. പി. ആർ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുളിയിൽ ഒരു പബ്ലിക്ക് മാർക്കറ്റ് വേണമെന്ന ആവശ്യപ്പെട്ടുകൊണ്ട് മുളിയിൽനിവാസികളും മറ്റുമറ്റുള്ളവരും പൊതുസംഘടനകളിൽനിന്നും പ്രമേയങ്ങളും അയച്ചിട്ടുള്ളതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ച് എന്തെങ്കിലും നടപടികൾ എടുത്തിരിക്കുന്നു?

LIBRARY ARCHIVES Kerala Legislative Assembly